# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 06/23 (210th) Meeting of the Syndicate held on 05.08.2023 at 11.00 am at University Head Quarters, Kalady

## Members Present:

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
14. ശ്രീ. എൻ. ആദിൽ, സിൻഡിക്കേറ്റംഗം, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
15. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
16. ഡോ. കെ.എം. അനിൽ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
17. ശ്രീ. സാജു കുമാർ എൻ, ജോയിന്റ് സെക്രട്ടറി,
    ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മുൻ ഗവർണറും സ്പീക്കറും മന്ത്രിയും ആയിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ എന്നിവരുടെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

14. 07. 2023 തീയതിയിലെ 209-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയിലെ ഒന്നാം വർഷ ബിരുദ ക്ളാസ്സുകൾ 19.07.2023 ന് തുടങ്ങി.
2. വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും സർവകലാശാലയും സംയുക്തമായി 'വൈക്കം സത്യാഗ്രഹവും കേരള നവോത്ഥാനവും' എന്ന വിഷയത്തിൽ 2023 ജൂലൈ 21, 22 തീയതികളിൽ സംഘടിപ്പിച്ച ദ്വിദിന ചരിത്ര സെമിനാർ 21 ന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. ഡോ. സുനിൽ പി. ഇളയിടം മുഖ്യ പ്രഭാഷണം നടത്തിയ സമ്മേളനത്തിൽ പ്രമുഖ ചരിത്രകാരനും ഗ്രന്ഥകാരനും ആയ ഡോ. പഴ അതിയമാൻ മുഖ്യ അതിഥി ആയിരുന്നു.

3. 21.07.2023 ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും, Kerala State Higher Education Reforms Implementation Cell ന്റെ Research Officer on Special Duty ആയ ഡോ. ഷഫീഖ് വി. യും നാലുവർഷ ബിരുദ കോഴ്സുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നമ്മുടെ സർവകലാശാലയിലെയും കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെയും സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പടെയുള്ള അക്കാദമിക സമൂഹവുമായി നയവിശദീകരണവും ചർച്ചയും നടത്തി. പ്രസ്തുത ചടങ്ങിൽ വൈസ് ചാൻസലർ അധ്യക്ഷനായിരുന്നു.
4. കേരള സാഹിത്യ അക്കാദമിയുമായി ചേർന്ന് 2023 ജൂലൈ 22 ശനിയാഴ്ച മുതൽ ഓഗസ്റ്റ് 19 വരെയുള്ള 5 ശനിയാഴ്ചകളിൽ കേരള സാഹിത്യ അക്കാദമിയുടെ വൈലോപ്പിള്ളി ഹാളിൽ വേദോപനിഷത്തുകളെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര സർവകലാശാലയുടെ എക്സ്റ്റെൻഷൻ പ്രോഗ്രാമായി സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും രണ്ട് പ്രഭാഷണങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
5. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## അടിയന്തര അജൻഡകൾ

## Item No. 2

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ പ്രോഗ്രാമുകൾ നിർത്തലാക്കിയ വിഷയവുമായി ബന്ധപ്പെട്ട് SFI യുടെ നേതൃത്വത്തിലുള്ള സമരം ഒത്തുതീർപ്പാക്കുന്നത് സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02264/ACDB1/SSUS/2023(1)]

&

## Item No. 3

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന പിജി ഇംഗ്ലീഷ് പ്രോഗ്രാം നിലനിർത്തണമെന്നാവശ്യപ്പെട്ടുള്ള SFI യൂണിറ്റ് കമ്മറ്റി സമർപ്പിച്ച നിവേദനം സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിശോധനക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02147/ACDB1/SSUS/2023(1)]

&

## Item No. 4

അക്കാദമിക് പുന:സംഘാടനത്തിന്റെ ഭാഗമായി പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ നിർത്തലാക്കിയ പ്രോഗ്രാമുകൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ടുള്ള KSU State Committee ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിക്ക് നൽകിയ നിവേദനം - അക്കാദമിക് ഉപസമിതി വഴി സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02161/ACDB1/SSUS/2023(1)]

&

## Item No. 5

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ പിജി സംസ്കൃതം വേദാന്തം നിലനിർത്തുന്നത് സംബന്ധിച്ച്. [No. 02055/SOACDB/SSUS/2023(1)]

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ എം.എ. വേദാന്തം, എം.എ. ഹിന്ദി എന്നീ പ്രോഗ്രാമുകളും തിരൂർ പ്രാദേശിക കേന്ദ്രത്തിൽ എം.എ. ഇംഗ്ലീഷ് പ്രോഗ്രാമും പന്മന പ്രാദേശിക കേന്ദ്രത്തിൽ എം.എ. ഇംഗ്ലീഷ്, എം.എ. ഹിന്ദി പ്രോഗ്രാമുകളും തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ എം.എ. ഹിസ്റ്ററി, എം.എ. ഹിന്ദി, എം.എ. മലയാളം എന്നീ പ്രോഗ്രാമുകളും, പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ എം.എ. ഫിലോസഫി പ്രോഗ്രാമും പുനഃസ്ഥാപിക്കണമെന്ന SFI സംസ്ഥാന കമ്മിറ്റിയുടെയും യൂണിവേഴ്സിറ്റി യൂണിയന്റേയും നിവേദനവും പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ നിർത്തലാക്കിയ പ്രോഗ്രാമുകൾ പുനരാരംഭിക്കണമെന്ന KSU സംസ്ഥാന കമ്മറ്റി ബഹു. ഉന്നതവിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ച നിവേദനവും പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എം.എ. വേദാന്തം (കൊയിലാണ്ടി പ്രാദേശിക കേന്ദ്രം), എം.എ. ഇംഗ്ലീഷ് (തിരൂർ പ്രാദേശിക കേന്ദ്രം), എം.എ. ഹിന്ദി (പന്മന പ്രാദേശിക കേന്ദ്രം), എം.എ. മലയാളം (തിരുവനന്തപുരം പ്രാദേശിക കേന്ദ്രം) എന്നീ പ്രോഗ്രാമുകളിലേക്ക് ചേരുന്നതിന് ഒരവസരം നൽകാൻ തീരുമാനിച്ചു. നിലവിൽ മറ്റു കേന്ദ്രങ്ങളിൽ പ്രവേശനം നേടിയവരിൽ താത്പര്യമുള്ളവർക്ക് ഈ കേന്ദ്രങ്ങളിലേക്ക് ഓപ്ഷൻ നൽകാനും തീരുമാനിച്ചു. ഈ അഡ്മിഷനുമായി

ബന്ധപ്പെട്ട സമയക്രമം തീരുമാനിക്കുന്നതിന് പ്രോ-വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

2. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സംസ്കൃത വിഷയങ്ങൾക്ക് 5-ഉം, സംസ്കൃതേതര വിഷയങ്ങൾക്ക് 10-ഉം വിദ്യാർത്ഥികൾ ഇല്ലാത്ത സ്ഥലങ്ങളിൽ നിന്ന് അത്തരം പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള സർവകലാശാലയുടെ മുൻ തീരുമാനം നടപ്പിലാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ബിരുദാനന്തരബിരുദ പ്രവേശനത്തീയതി മുതൽ ഒരു മാസം കൊണ്ട് പ്രവേശന നടപടികൾ അവസാനിപ്പിയ്ക്കുന്ന റഗുലേഷനിൽ ഈ അക്കാദമിക വർഷം ഇളവ് നൽകാനും ടി വിഷയം അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമാക്കാനും തീരുമാനിച്ചു.

**<u>മറ്റ് അജൻഡകൾ</u>**

## Item No. 6

ഏറ്റുമാനൂർ, തിരൂർ പ്രാദേശിക കേന്ദ്രങ്ങളിൽ പ്രോഗ്രാമുകൾ അനുവദിച്ചത് / നില നിർത്തിയത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 9865/Acd.B1/SSUS/2023)

ഏറ്റുമാനൂർ, തിരൂർ പ്രാദേശിക കേന്ദ്രങ്ങളിലെ പ്രോഗ്രാമുകൾ സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കി ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

1. അംഗീകൃത സ്ഥിര അധ്യാപക തസ്തികകൾക്കുപരിയായി മൂന്ന് അതിഥി അധ്യാപകരെ മാത്രം അനുവദിച്ചുകൊണ്ട് തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത വ്യാകരണ വിഭാഗത്തിൽ ബിരുദ പ്രോഗ്രാം അനുവദിച്ചത്.
2. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ സ്ഥിര അധ്യാപക തസ്തികകൾ കുള്ളിൽ നിർത്തിക്കൊണ്ട് ഹിന്ദി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളോടൊപ്പം പി.ജി ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് (ഹിന്ദി ) പ്രോഗ്രാം കൂടി അനുവദിച്ചത്.

**Item No. 7**

Award of Ph.D Degree

a) Smt. Anithamol P.D in Sanskrit Vyakarana [No. EA/PhD/752/SSUS/2022(1)]
b) Smt. Priya P. Nair in Malayalam [No. EA/PhD/732/SSUS/2022(1)]
c) Smt. Swetha M.K in Sanskrit Vyakarana [No.EA/PhD/751/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 02.08.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Anithamol P.D | Faculty of Sanskrit Grammar | 26.06.2023 |
| b) | Smt. Priya P. Nair | Faculty of Indian Languages | 22.06.2023 |
| c) | Smt. Swetha M.K | Faculty of Sanskrit Grammar | 27.06.2023 |

a) Smt. Anithamol P.D in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled “Sanskrit Usages in Manimekhala: A

Linguistic Study” under the guidance of Dr. Jinitha K.S, Associate Professor, Sanskrit Vyakarana, SSUS, Kalady.

b) Smt. Priya P. Nair in Malayalam under the Faculty of Indian Languages for the Ph.D thesis titled “സ്ഥലഭാവനയുടെ രാഷ്ട്രീയം ആധുനികാനന്തര മലയാള നോവലിൽ” under the guidance of Dr. Sheeja R.S, Associate Professor, Department of Malayalam, SSUS, RC, Thiruvananthapuram.

c) Smt. Swetha M.K. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled “śubhadrāharaṇakāvyasya sargadvayasthakṛttaddhitasamāsānuśīlanam” under the guidance of Dr. Jinitha K.S, Associate Professor, Sanskrit Vyakarana, SSUS, Kalady.

**Item No. 8**

2018 പ്രവേശനം ബി.എ. വിദ്യാർത്ഥിക്ക് ആറാം സെമസ്റ്ററിൽ റീ-അപ്പിയറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. [No. 01881/ACDB2/SSUS/2023(1)]

02.08.2023 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2018 പ്രവേശനം ബി.എ. ന്യായം വിദ്യാർത്ഥി അരുൺ ഷാജി എസ്.എൽ - ന് (18KA01NY16) റഗുലേഷൻ പ്രകാരമുള്ള പ്രോഗ്രാം കാലാവധി അവസാനിച്ചതിനാൽ 2019 പ്രവേശനം വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ റീ അപ്പിയറൻസിനോടൊപ്പം പരീക്ഷ എഴുതുവാൻ പ്രത്യേകം അനുമതി നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത റഗുലേഷൻ ബാധകമാകുന്ന ഇതേ പ്രശ്നം അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ഈ ആനുകൂല്യം നൽകുവാൻ തീരുമാനിച്ചു.

**Item No. 9**

റീ അപ്പിയറൻസ് പരീക്ഷാ എഴുതാൻ അനുവദിക്കുന്നത് സംബന്ധിച്ച്. [No. 02105/ACDB3/SSUS/2023(1)]

02.08.2023 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കൊയിലാണ്ടി പ്രാദേശിക കേന്ദ്രം 2018 അഡ്മിഷൻ ബി.എ. സംസ്കൃത ജനറൽ വിദ്യാർത്ഥിയായ ബിൻഷ ഗിരീഷ് - ന് (reg. no. 18KO01SG29) റഗുലേഷൻ പ്രകാരമുള്ള പ്രോഗ്രാം കാലാവധി അവസാനിച്ചതിനാൽ 2019 പ്രവേശനം വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ റീ അപ്പിയറൻസിനോടൊപ്പം പരീക്ഷ എഴുതുവാൻ പ്രത്യേകം അനുമതി നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത റഗുലേഷൻ ബാധകമാകുന്ന ഇതേ പ്രശ്നം അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ഈ ആനുകൂല്യം നൽകുവാൻ തീരുമാനിച്ചു.

**Item No. 10**

2016 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. [No. 02288/ACDB2/SSUS/2023(1)]

02.08.2023 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2016-2019 കാലഘട്ടത്തിൽ ബി.എ പ്രോഗ്രാമുകളിൽ പഠനം നടത്തിയ Dance, Music, Sanskrit department കളിലെ വിദ്യാർത്ഥികൾക്ക് പരാജയപ്പെട്ട വിഷയങ്ങൾ വീണ്ടും എഴുതി പ്രോഗ്രാം പൂർത്തീകരിക്കുന്ന വിഷയം വിശദമായി ചർച്ച ചെയ്തു. ടി പ്രോഗ്രാമുകളുടെ സിലബസുകൾ മാറിയ സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവിമാരുടെ അഭിപ്രായം കൂടി പരിഗണിച്ച് നിർദ്ദിഷ്ട

ഇന്റേണൽ പരീക്ഷകളുടെ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച ടി റഗുലേഷൻ ബാധകമായ എല്ലാ വിദ്യാർത്ഥികൾക്കും മേഴ്സി ചാൻസ് അനുവദിക്കുവാൻ തീരുമാനിച്ചു. കൂടാതെ മേഴ്സി ചാൻസിനുള്ള ഫീസ് പുന:ക്രമീകരിക്കാനായി മറ്റു ഫീസുകൾ പുന:നിശ്ചയിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിനോടൊപ്പം ഫിനാൻസ് സ്ഥിരം സമിതിയിൽ സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 11

നാലാം സെമസ്റ്റർ ഡിസംബർ 2022 എം.എ മ്യൂസിയോളജി (റെഗുലർ) പരീക്ഷ എഴുതി ബിരുദാനന്തര ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് - സിൻഡിക്കേറ്റിന്റെ അംഗീകാരം സംബന്ധിച്ച്. [No. EB/3929/SSUS/2023(1)]

02.08.2023 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2020 അഡ്മിഷൻ MA (Museology) വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ റെഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 12

നാലാം സെമസ്റ്റർ ഏപ്രിൽ 2023 എം.എ./എം.എസ്.സി./എം.പി.ഇ.എസ് (റെഗുലർ/റീ അഡ്മിഷൻ/റീ അപ്പിയറൻസ്) പരീക്ഷ എഴുതി ബിരുദാനന്തര ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് - സിൻഡിക്കേറ്റിന്റെ അംഗീകാരം സംബന്ധിച്ച്. [No. EB/44/SSUS/2023(1)]

02.08.2023 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2023 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ M.A, M.Sc, M.PES (റെഗുലർ/റീ അഡ്മിഷൻ/റീ അപ്പിയറൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 13

UGC, NSS, ICPR, Higher Education Council റിസർച്ച് പ്രൊജക്ട് ഗ്രാന്റിന്റെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റിംഗും സർട്ടിഫിക്കേഷനും ചെയ്താൽ മതിയെന്നുള്ള 05.10.2018 ലെ പി.എൽ.ഡി/എ/5665/ എസ്.എസ്.യു.എസ്./2011 നമ്പർ ഉത്തരവ് പിൻവലിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച്. [No.Acd.A2/5665/SSUS/2018)

പ്രസ്തുത വിഷയം ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 14

ബി.എഫ്.എ റെഗുലേഷനിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച്. [No. 02041/ACDB2/SSUS/2023(2)]

ബി.എഫ്.എ പ്രോഗ്രാമിലെ സ്പെഷലൈസേഷൻ കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനവും സീറ്റ് വിഭജനവും അനുവദിച്ച സീറ്റുകൾക്കുള്ളിൽ നിലനിർത്തി വിദ്യാർത്ഥികളുടെ താൽപ്പര്യം, ലഭ്യത എന്നിവ കൂടി പരിഗണിച്ച് നടത്തുന്നതിന് നിലവിലുള്ള റഗുലേഷനിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

## Item No. 15

ഗണക സമുദായ സഭയുടെ വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്. [No. 01917/ACDB2/SSUS/2023 (1)]

ഗണക സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ഗണക സമുദായ സഭ മുൻ സംസ്ഥാന സെക്രട്ടറി സമർപ്പിച്ച ഹർജി വിശദമായി പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനിച്ചു.

1. ഗണകരുടെ പാരമ്പര്യ കലകളായ ഗന്ധർവ്വൻ പാട്ട്, പടയണി, തിരുമുടി പേശ്, കളത്തിലരിയും പാട്ടും, കണിയാർകൂത്ത് തുടങ്ങിയ കലകൾ സർവകലാശാലയിൽ മത്സര ഇനത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണി ക്കുന്നതിനായി സ്റ്റുഡന്റ്സ് വെൽഫയർ ഉപസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

2. സർവകലാശാലയിൽ ഒരു ഫോക്‌ലോർ സെന്റർ ആരംഭിക്കുവാനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിനായി മലയാള വിഭാഗത്തെ ചുമതലപ്പെടുത്താനും ലഭിക്കുന്ന പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പി ക്കുവാനും തീരുമാനിച്ചു.

## Item No. 16

2021 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 2022 അഡ്മിഷൻ വിദ്യാർത്ഥികൾക്കൊപ്പം റീ അഡ്മിഷൻ നൽകുന്നത് സംബന്ധിച്ച്. [No. 01499/ACDB2/SSUS/2023(1)]

അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി പ്രസ്തുത വിഷയം ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി വൈസ് ചാൻസലർക്ക് നേരിട്ട് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 17

2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2020/2021 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്. (No. E.D/11607/SSUS/2018)

2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2020/2021 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു.

## Item No. 18

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ - ന്റെ സസ്പെൻഷൻ കാലാവധി തീരുന്ന വിവരം സിൻഡിക്കേറ്റിലേക്ക് അറിയിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/ 17291/SSUS/2022)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അത്താവുള്ളഖാൻ - ന്റെ സസ്പെൻഷൻ കാലാവധി തീരുന്ന ദിവസം മുതൽ മൂന്ന് മാസത്തേക്ക് കൂടി സസ്പെൻഷൻ കാലയളവ് ദീർഘിപ്പിക്കാൻ തീരുമാനിച്ചു.

## Item No. 19

സർവകലാശാലയിലെ ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾക്ക് പകരം Uni – Spark (ആധാർ ബന്ധിത പഞ്ചിംഗ്) മെഷീനുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ M/s. Keltron മുഖാന്തിരം വാങ്ങൽ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്. (No. Est/16541/SSUS/2017)

സർവകലാശാലയിലെ ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾക്ക് പകരം Uni – Spark (ആധാർ ബന്ധിത പഞ്ചിംഗ്) മെഷീനുകൾ 20 എണ്ണം, അനുബന്ധ ഹാർഡ് വെയർ, ഡാറ്റാ NIC Portal മുഖേന Uni – Spark നു നൽകുവാൻ ആവശ്യമായ Middle Ware, Attendance Management Software എന്നിവ ഉൾപ്പെടെ ഏകദേശം 14,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് M/s. Keltron മുഖേന വാങ്ങുവാനുള്ള ഭരണാനുമതി നൽകാൻ തീരുമാനിച്ചു.

## OUT OF AGENDA

1. സർവകലാശാല ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയന്റെ CAS പ്ലേയ്സ്മെന്റിനുള്ള വിദഗ്ധരുടെ പട്ടിക അംഗീകരിച്ചു.

2. The Syndicate resolved to approve the recommendations of the Selection Committee and Screening cum Evaluation Committee, constituted for the placement of 3 Associate Professors to the post of Professors and one Assistant Professor with AGP 7000 to AGP 8000 in the Department of Hindi, held on 02.08.2023, under Career Advancement Scheme, as per the UGC Regulations, 2010 and resolved to approve the same, as detailed below.

a) Dr. Omana P.V w.e.f 01.04.2019

b) Dr. Babu K Viswanathan w.e.f 01.07.2019

c) Dr. P.H. Ibrahimkutty w.e.f 31.03.2020

&

Dr. G. Chandravadana Assistant Professor with AGP 8000 w.e.f 19.07.2019.

3. വിവിധ ഫാക്കൽറ്റികൾ പുന:സംഘടിപ്പിച്ചു.

4. സംസ്കൃത സർവകലാശാല എംപ്ലോയീസ് യൂണിയന്റെ അപേക്ഷ അംഗീകരിച്ച് ഓണം അഡ്വാൻസ് അനുവദിക്കാൻ തീരുമാനിച്ചു. ഇത് സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

5. ഓൺലൈൻ ചോദ്യപേപ്പർ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സിൻഡിക്കേറ്റ് യോഗത്തിൽ രൂപീകരിച്ച കമ്മിറ്റിയിൽ കാലിക്കറ്റ് സർവകലാശാല കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ. ലജീഷ് വി.എൽ. നെ കൂടി ഉൾപ്പെടുത്താനും ടി കമ്മിറ്റി ഉടൻ വിളിച്ചു ചേർക്കാനും തീരുമാനിച്ചു.

യോഗം 1.30 p.m ന് അവസാനിച്ചു.

ഒപ്പ്

**രജിസ്ട്രാർ**

ഒപ്പ്

**വൈസ് ചാൻസലർ**